## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6422** **11.07.2012 -ൽ മറുപടിയ്ക്ക്**

### റെയിൽവേവഴി നികുതി വെട്ടിച്ച് ചരക്കുകടത്ത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേവഴി നികുതി വെട്ടിച്ച് ചരക്കു കടത്തുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ വിഷയം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | റെയിൽവേ വഴി നികുതി വെട്ടിച്ച് ചരക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വാണിജ്യ നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം എല്ലാ റെയിൽവേ സ്റ്റേഷനുകളിലും പരിശോധന ശക്തമാക്കിയിട്ടുണ്ട്. കൂടാതെ റെയിൽവേ വഴി ചരക്കു കൊണ്ടുവരുമ്പോൾ ചരക്ക് വിവരം പ്രഖ്യാപിക്കുവാൻ ഡീലർമാർക്ക് ഇ-ഫയലിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്.<br>അനധികൃതമായി ചരക്കുകൾ കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഇന്റലിജൻസ് വിഭാഗം റെയിൽവേ അധികാരികൾക്ക് ഒരു ബോണ്ട് നൽകി ചരക്ക് ഏറ്റെടുത്ത് വിശദമായ പരിശോധന നടത്തി കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ